2021 നവംബർ   പുസ്തകം 12   ലക്കം 11   പേജ് 40   ISSN 0970 - 0579   വില: 4 രൂപ

# ഇന്ത്യൻ നാളികേര ജേണൽ




**തെങ്ങിന് കല്പപോഷകും കല്പവർദ്ധിനിയും...**

**കൃഷിയിലും പോഷകത്തിലും കൂട്ടായി തെങ്ങും മുത്താറിയും**

# വെളിച്ചെണ്ണ കുട്ടികൾ

**പി. അനിത കുമാരി**

മഴ തോർന്ന സായാഹ്നം. മരം പെയ്യുന്നുണ്ടെങ്കിലും ഗ്രാമപാതയിലാകെ വെളിച്ചം. ട്യൂഷൻ ക്ലാസ്സുകൾ കഴിഞ്ഞ് ഞങ്ങൾ കവലയിലേക്ക് നടന്നു. മാഷിന്റെ വീടിന്റെ മുന്നിലൂടെയാണ് പോകേണ്ടത്. വീടിന് സമീപമെത്തിയപ്പോൾ നേന്ത്രക്കായ വറക്കുന്നതിന്റെ കൊതിപ്പിക്കുന്ന ഗന്ധം. കാലുകൾ അറിയാതെ മാഷിന്റെ വീട്ടിലേക്ക് നീങ്ങി. മുറ്റത്തെ മഴവെള്ളം പൂർണ്ണമായി വലിഞ്ഞിട്ടില്ല.

എടാ, വെള്ളവും ചെളിയും ചവുട്ടി ഉമ്മറം വൃത്തികേടാക്കേണ്ട. ഇവിടെ വന്ന് കാലു കഴുകിയിട്ട് കയറാം. – ഞാൻ സുഹൃത്തിനെ പൈപ്പിന്റെ സമീപത്തേക്ക് വിളിച്ചു. ഞങ്ങളുടെ ശബ്ദം കേട്ട് ടീച്ചർ പുറത്തേക്ക് വന്നു.

ങാഹാ, രണ്ടു പേരേയും കണ്ടിട്ട് കുറച്ചു ദിവസമായല്ലോ, ഞാനിടയ്ക്ക് പറയാറുണ്ട് നിങ്ങളുടെ കാര്യം.

മാഷില്ലേ ടീച്ചറേ.

മാഷ് കൃഷി ഭവനിലേക്ക് പോയതാ., ഇപ്പോഴിങ്ങെത്തും. നിങ്ങളിരിക്കൂ.

ടീച്ചർ ഞങ്ങളുടെ മനസ്സ് കണ്ടതുപോലെ ഒരു പ്ലേറ്റ് നിറയെ നേന്ത്രക്കാവറ്റലുമായി വന്നു.

മാഷ് വരുമ്പോഴേക്കും രണ്ടു പേരും കഴിക്കൂ.. ഞാനിത്തിരി കട്ടൻ കാപ്പിയുണ്ടാക്കട്ടെ. മാഷിന് ഈ സമയം ഒരു കട്ടൻ ശീലമാണ്.

ടീച്ചർ തിരിഞ്ഞതും, ഞങ്ങൾ രണ്ടു പേരും ചിപ്സ് കറുമുറെ കഴിക്കാൻ തുടങ്ങി. നല്ല വെളിച്ചെണ്ണ മണമുള്ള ഒന്നാന്തരം ചിപ്സ്. എന്തൊരു രുചിയാണപ്പാ! ടീച്ചറുടെ കൈപ്പുണ്യം അപാരം തന്നെ. ആരാധനയോടെ ഞാനോർത്തു.

എടാ... ഇങ്ങനെ ആക്രാന്തം കാണിക്കാതെ. വെളിച്ചെണ്ണ കൊളസ്ട്രോൾ കൂട്ടുമെന്നും, ഹൃദ്രോഗത്തിന് കാരണമാകുമെന്നും നീയിന്നലത്തെ പത്രത്തിൽ വായിച്ചില്ലേ. ഇതു വെളിച്ചെണ്ണയാ. – ഞാൻ പറഞ്ഞു.

എങ്കിൽ നീ കഴിക്കണ്ട. ആ പ്ലേറ്റിങ്ങ് തന്നേക്കൂ. – ഞങ്ങൾ പിടിവലിയായി. അപ്പോഴാണ് ടീച്ചർ കട്ടൻ കാപ്പിയുമായി എത്തിയത്.

കൂട്ടുകാര് രണ്ടു പേരും വഴക്കിടുകയാണോ ?

ടീച്ചർ വാത്സല്യത്തോടെ കൈയ്യോങ്ങിക്കൊണ്ട് വന്നു. പ്ലേറ്റെടുക്കുമ്പോൾ ചോദിച്ചു

രണ്ടുപേർക്കും ഉപ്പേരി ഇഷ്ടമായോ? ഇനി വേണോ?

മതിയോ എന്ന് ചോദിച്ചാൽ പോര! അല്ലേടാ ? അവൻ എന്റെ കയ്യിൽ പിച്ചിക്കൊണ്ട് രഹസ്യം പറഞ്ഞു.

എന്താണ് ഒരു രഹസ്യം പറച്ചിൽ? എനിക്കും കേൾക്കാവുന്നതാണോ? – പിന്നിൽ മാഷിന്റെ ശബ്ദം. ഞങ്ങൾ ഞെട്ടിപ്പോയി. മര്യാദക്കാരായി ഒതുങ്ങി നിന്നു.

ഒന്നുമില്ല മാഷേ, ഒന്നുമില്ല.

അല്ല അല്ല ...എന്തോ ഉണ്ട്. പറയൂ.

അതേ മാഷേ, ഇവൻ പറഞ്ഞു വെളിച്ചെണ്ണ കൊളസ്ട്രോൾ കൂട്ടും. ഹൃദ്രോഗമുണ്ടാക്കും എന്നൊക്കെ. അപ്പോൾ ഞാൻ പറഞ്ഞു എങ്കിൽ നീ കഴിക്കേണ്ട, ആ ചിപ്സ് കൂടി എനിക്ക് തന്നേക്കൂ എന്ന്,

അത്രേയുള്ളൂ. ഹ ! ഹ ! ഹ!

ടീച്ചറും മാഷും ഒന്നിച്ച് പൊട്ടിച്ചിരിച്ചു.

ഇവന്മാരുടെ ഒരു കാര്യം, കൊതിയന്മാർ തന്നെ. എന്റെ കട്ടൻ കാപ്പി ഇങ്ങെടുക്കൂ ടീച്ചറേ. നിങ്ങളും കാപ്പി





കുടിക്കൂ.. ഞാനിപ്പോൾ വേഷം മാറി വരാം.

പുറത്തു വന്ന മാഷ് തൊടിയിലേക്ക് നടന്നു. ഒപ്പം ഞങ്ങളും.

മാഷേ, കഴിഞ്ഞ വർഷം നമ്മൾ നട്ട തെങ്ങിൻ തൈകൾ കായ്ക്കാൻ തുടങ്ങിയോ?

വരൂ നമുക്ക് നോക്കാം. – ഉത്സാഹത്തോടെ ഞങ്ങൾ മുൻപേ ഓടി. മാഷ് പറയാൻ തുടങ്ങി.

ഈ തെങ്ങുകൾക്കും മനുഷ്യരെപ്പോലെ ബാല്യം, യൗവ്വനം, വാർദ്ധക്യം ഒക്കെയുണ്ടെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. അവരുടെ ബാല്യകാലം ചുരുങ്ങിയത് മൂന്നു വർഷങ്ങളെങ്കിലും ഉണ്ടാകും. ഇനങ്ങളും കാലാവസ്ഥയും മണ്ണു പരിചരണവുമൊക്കെ അനുസരിച്ച് വ്യത്യാസങ്ങൾ ഉണ്ടാകും. ഞാനുദ്ദേശിച്ചത് കായ്ക്കാനുള്ള കാലമാണ്.

മാഷേ അപ്പോൾ കുഞ്ഞുങ്ങളെ പോലെയല്ലേ തൈ തെങ്ങുകളേയും പരിചരിക്കേണ്ടത്? അവന്റെ ചോദ്യം മാഷിനിഷ്ടപ്പെട്ടു. ചിരിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു

വളരെ ശരിയാണത്. നിനക്ക് വിവരം വച്ചിരിക്കുന്നു. വെരി ഗുഡ്

അവൻ എന്നെ നോക്കി. മുഖത്ത് വിക്കറ്റെടുത്ത ബൗളറുടെ അഭിമാനം

മാഷ് തൈകളുടെ ചുറ്റുമുള്ള പുല്ലുകൾ പറിച്ചു മാറ്റാൻ തുടങ്ങി. ഞങ്ങൾ ഒപ്പം കൂടി. മാഷ് പറഞ്ഞു.

നിങ്ങളുടെ ഇന്നത്തെ സംശയം വെളിച്ചെണ്ണയുടെ നന്മ തിന്മകളെ കുറിച്ചാണല്ലോ, നമ്മുടെ പ്രദേശത്ത് കൃഷി ചെയ്യുന്ന തെങ്ങുകളിൽ നിന്നും കിട്ടുന്ന ശുദ്ധമായ വെളിച്ചെണ്ണയും മറ്റ് ഭക്ഷ്യവസ്തുക്കളും മോശമാണെന്ന് ആരെങ്കിലും പറഞ്ഞാൽ അത് അംഗീകരിക്കുകയാണോ വേണ്ടത്. ? എത്ര തലമുറകൾ ഭക്ഷണത്തിനും ജീവിതത്തിനും വ്യാവസായികാവശ്യങ്ങൾക്കും തെങ്ങും തേങ്ങയുൽപ്പന്നങ്ങളും ഉപയോഗിച്ചിരിക്കുന്നു. ഗുണമില്ലാത്തതൊന്നും കാലത്തെ അതിജീവിക്കില്ല. വെളിച്ചെണ്ണയുടെ ഗുണമേന്മകൾ സംബന്ധിച്ച് ഗവേഷണ ലോകം പുതിയ സാധ്യതകൾ കണ്ടെത്തുകയാണ്. പ്രതിരോധ ശേഷിക്കും ഊർജ്ജത്തിനും സൗന്ദര്യ വർദ്ധനവിനും ഒക്കെ.

അപ്പോൾ മാഷേ അമേരിക്കയിലും വെളിച്ചെണ്ണ ഉപയോഗിക്കുന്നുണ്ടോ? അവന് അമേരിക്കയിലെ കാര്യത്തിലാണ് താൽപര്യം. മാഷ് ചിരിച്ചു. എന്നിട്ട് തുടർന്നു.

1940 കളിൽ അമേരിക്കയുൾപ്പെടെയുള്ള പടിഞ്ഞാറൻ രാജ്യങ്ങളിൽ പ്രധാന ഭക്ഷ്യയെണ്ണ വെളിച്ചെണ്ണ തന്നെ ആയിരുന്നു എന്നത് നിസ്തർക്കമാണ്. പിന്നീട് രണ്ടാം ലോക മഹായുദ്ധം കഴിഞ്ഞപ്പോൾ വെളിച്ചെണ്ണയുടെ ആവശ്യവും ഉപയോഗവും കുറയ്ക്കുന്നതിനിടയാക്കുകയും സോയാബീൻ, സൂര്യകാന്തി തുടങ്ങിയ വിവിധ സസ്യ എണ്ണകൾ വിപണി കീഴടക്കുകയും ചെയ്തു.

അപ്പോൾ അത് തെറ്റാണെങ്കിൽ ആരും എന്താണ് അത് തിരുത്താതിരുന്നത്? കുട്ടുകാരും മാഷും ടീച്ചറും അമ്മയും അച്ഛനുമൊക്കെ ഞങ്ങളെ തിരുത്താറില്ലേ,അതുപോലെ ?

നിന്റെ ചിന്തകൾ നമ്മൾ സ്വയം ചോദിക്കേണ്ടിയിരുന്നു. വളരെ മുമ്പ് തന്നെ! ലോകം മാറുകയല്ലേ അനുദിനം. ഡോ. മേരി. ജി എനിഗ് എന്ന ജൈവ രസതന്ത്ര ശാസ്ത്രജ്ഞയെപ്പററി കേട്ടിട്ടുണ്ടോ നിങ്ങൾ? അതെക്കുറിച്ച് നമുക്ക് അടുത്ത ദിവസം സംസാരക്കാം. ഇപ്പോൾ സമയം വൈകുന്നു. നിങ്ങൾക്കു വീട്ടിൽ പോകേണ്ടെ. വരൂ.

ഇന്ന് വന്നില്ലായിരുന്നുവെങ്കിൽ ഈ ചിപ്സും അറിവും കിട്ടില്ലായിരുന്നു, അല്ലേടാ? ഞാൻ അവന്റെ ചെവിയിൽ പറഞ്ഞു. എന്റെ കൈകളിൽ അമർത്തി അവനത് ശരി വച്ചു. മാഷ് ഉമ്മറത്തെത്തി, അകത്തേക്ക് നോക്കി നീട്ടി വിളിച്ചു. ടീച്ചറേ ഇവർക്ക് വീട്ടിലേക്കും കൂടി കുറച്ച് നേന്ത്രക്കായ വറ്റൽ എടുത്തോളൂ.

എപ്പോഴെ എടുത്തു വച്ചിരിക്കുന്നു. അകത്തുനിന്ന് പൊതികളുമായി വന്ന ടീച്ചർ അവ നീട്ടിയിട്ടു പറഞ്ഞു.

വേഗം ചെല്ലൂ. സമയം ഇരുട്ടാകാറായി

ഞങ്ങൾ വീട്ടിലേക്ക് നടന്നു. ഇടവഴിയിൽ വച്ച് ഞങ്ങൾ പിരിഞ്ഞു. അമ്മ കാത്തിരിക്കുകയായിരുന്നു. വീട്ടിൽ നിന്നിറങ്ങിയാൽ പിന്നെ കാണില്ല. എവിടെയായിരുന്നു. ട്യൂഷൻ കഴിഞ്ഞ് മാഷിന്റെ വീട്ടിൽ പോയി. ഇതാ ടീച്ചർ തന്ന നേന്ത്രക്കായ ഉപ്പേരി. ഞാൻ പൊതി നീട്ടി.

നല്ല മണമുണ്ടല്ലേ അമ്മേ. ടീച്ചർ വെളിച്ചെണ്ണയിൽ വറുത്തതാ. – ഞാൻ അമ്മയെ സോപ്പിട്ടു. ■